⇨ ഒരു പുൽക്കൊടി പോലും തിരിച്ചുവരാത്തവിധം പല പ്രദേശങ്ങളും മാറിക്കഴിഞ്ഞു ⇨

# മഴക്കാടുകളെ മരുഭൂമിയാക്കി കാട്ടുതീ കാടുവിഴുങ്ങുന്നു

അതിശക്തമായ കാട്ടുതീയിൽ വയനാടൻ കാടുകൾ കത്തിയമരുകയാണ്. പറമ്പിക്കുളം അടക്കമുള്ള കേരളത്തിലെ സുപ്രധാന വനമേഖലകളിലെല്ലാം ഈ വർഷം കാട്ടുതീ വീണിരുന്നു. പുനഃരുജ്ജീവനം അസാദ്ധ്യമാകും വിധം കേരളത്തിലെ കാടുകളുടെ നൈസർഗികശേഷി നശിച്ചുകൊണ്ടിരിക്കുകയാണെന്നതിന്റെ സൂചനയാണ് വ്യാപകമായ ഈ തുടർച്ചയായ കാട്ടുതീ.

**സി.എൻ. മനോജ്**

"ഓരോ നിശ്വാസത്തിലും ഒരായിരം ഇലകളുടെ കാരുണ്യമുണ്ട്. ഈ ഹരിതപത്രങ്ങൾ കത്താതെ കാക്കുക." നോർത്ത് വയനാട് വനം ഡിവിഷനിലേക്ക് യാത്രികരെ സ്വാഗതം ചെയ്തുകൊണ്ട് റോഡരികിൽ നിൽക്കുന്ന ഒരു ബോർഡിലെ വാചകങ്ങളാണിത്. ഈ ബോർഡിന് പിന്നിൽ കാട് കത്തിക്കരിഞ്ഞുകിടക്കുന്ന ഒരു ഫോട്ടോ വന്യജീവി ഫോട്ടോഗ്രാഫർ എൻ.എ. നസീർ 2014ൽ എടുത്തിട്ടുണ്ട്. വയനാട്ടിൽ വലിയ തോതിൽ കാട്ടുതീയുണ്ടായ വർഷമായിരുന്നു 2014. മനുഷ്യനും കാടും മുഖാമുഖം വരുന്ന അതിരുകളെല്ലാം ആ വർഷം വലിയ തോതിൽ കത്തി. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരായ പ്രക്ഷോഭവും വയനാട്ടിൽ കത്തിനിൽക്കുന്ന സമയമായിരുന്നു അത്. മാനന്തവാടി-തിരുനെല്ലി വഴിയിൽ കാടു കത്തിയതിന് പിന്നിൽ ഈ പ്രക്ഷോഭത്തിന്റെ പ്രതിഫലനങ്ങളുണ്ടായിരുന്നു. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ മേൽ കെട്ടിവയ്ക്കപ്പെട്ട സത്യവിരുദ്ധമായ ആരോപണങ്ങൾ കാടിന് തീയിടുന്നതിലേക്കാണ് ഒരു വിഭാഗം ജനങ്ങളെ എത്തിച്ചത്. തിരുനെല്ലിയിലേക്ക് പോകുന്ന റോഡിന് ഇരുവശത്തും മുളങ്കാടുകൾ കത്തിയമർന്നു. നിരവധി വന്യജീവികൾ വെന്തുരുകി. കനലിന്റെ ചൂടേറ്റ് മണ്ണ് ഇഷ്ടികപോലെ ഉറച്ചു. ഒരു പുൽക്കൊടി പോലും തിരിച്ചുവരാത്തവിധം പല പ്രദേശങ്ങളും മാറിക്കഴിഞ്ഞു. തിരുനെല്ലിയിൽ മാത്രമല്ല, മുത്തങ്ങ അടക്കമുള്ള വയനാടിന്റെ പല ഭാഗങ്ങളിലും ആ വർഷം കാട്ടുതീ ആളിക്കത്തിയിരുന്നു.

2015ലും 2016ലും ഇത് ആവർത്തിച്ചു. ഈ വർഷം വീണ്ടും അതിശക്തമായ കാട്ടുതീയിൽ വയനാടൻ കാടുകൾ കത്തിയമർന്നിരിക്കുന്നു. തുലാവർഷം പെയ്യാതെ പോവുകയും വേനൽ കടുക്കുകയും ചെയ്തതോടെ കേരളത്തിന്റെ പലഭാഗങ്ങളിലും കാട്ടുതീ രൂക്ഷമായി. പുനഃരുജ്ജീവനം അസാദ്ധ്യമാകും വിധം കേരളത്തിലെ കാടുകളുടെ നൈസർഗികശേഷി നശിച്ചുകൊണ്ടിരിക്കുകയാണെന്നതിന്റെ സൂചനയാണ് ഈ തുടർച്ചയായ കാട്ടുതീ. മഴയും മഞ്ഞും മാഞ്ഞ്, എപ്പോൾ വേണമെങ്കിലും കത്തിപ്പടരാവുന്ന മരക്കൂട്ടങ്ങളായി വയനാട്ടിലെ കാടുകൾ പോലും മാറിയിരിക്കുന്നു. മഴമേഘങ്ങൾക്കും മേലെ തലയുയർത്തി നിൽക്കുന്ന ചെമ്പ്രമലയിലെ പുൽമേടുകൾ പോലും തീയിലമർന്ന ദയനീയ കാഴ്ചയിൽ എന്താണ് നാം പഠിക്കേണ്ടത്?

⇨ വിത്തുകളെ മുളപ്പിക്കാനുള്ള ശേഷിയില്ലാത്തവിധം മണ്ണ് ഊഷരമാക്കപ്പെട്ടു ⇨



ഡക്കാൺ പീഢഭൂമിയിൽ നിന്നും മരുവത്കരണം കടന്നുവരാതെ വയനാടൻ കാടുകളെ സംരക്ഷിച്ചു നിർത്തുന്നത് വടക്ക്-കിഴക്ക് ബ്രഹ്മഗിരിയിൽ തുടങ്ങി തെക്കു-കഴിക്ക് ഗൂഡല്ലൂർ അതിർത്തിയിൽ വരെ നീണ്ടുകിടക്കുന്ന വനങ്ങളാണ്. വയനാട്ടിലെ കാലാവസ്ഥയെ വ്യത്യസ്തമാക്കിയിരുന്നതും ഈ നിത്യഹരിത വനങ്ങളാണ്. കർണ്ണാടകയുടെയും തമിഴ്നാടിന്റെയും ഭാഗമായി, ഡക്കാൺ പീഢഭൂമിയിലേക്ക് വ്യാപിച്ചു കിടക്കുന്ന നാഗർഗോളെ, ബന്ദിപൂർ, മുതുമലൈ കടുവാ സങ്കേതങ്ങളിലെ കാടിന്റെ സ്വഭാവത്തിൽ നിന്നും വ്യത്യസ്തമാണ് വയനാട്ടിലെ കാടുകൾ. എപ്പോഴും ആർദ്രതയുള്ള വയനാടൻ കാടുകളുടെ ആ സ്വഭാവം മാറിയിരിക്കുന്നു എന്ന സൂചനയാണ് തുടർച്ചയായുണ്ടാകുന്ന ഈ കാട്ടുതീ. ഇത്തവണ ബന്ദിപ്പൂർ അതിർത്തിയിലുണ്ടായ കാട്ടുതീയാണ് വയനാട് വന്യജീവി സങ്കേതത്തിനും വലിയ ഭീഷണിയായത്. കുറച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർ അവർക്ക് ലഭ്യമായ പരിമിതമായ സൗകര്യങ്ങളുപയോഗിച്ച് നടത്തിയ ശ്രമകരമായ ദൗത്യമാണ് വയനാടൻ കാടുകളെ വലിയ തീപിടുത്തത്തിൽ നിന്നും രക്ഷപ്പെടുത്തിയത്. കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള ഒരു വന്യജീവി സങ്കേതമാണ് വയനാട് വൈൽഡ് ലൈഫ് സാങ്ചറി. രാജ്യത്തെ ആദ്യ ജൈവമണ്ഡലമായ നീലഗിരി ബയോസ്ഫിയർ റിസർവിന്റെ ഭാഗമാണ് ഈ വന്യജീവി സങ്കേതം. ദക്ഷിണേന്ത്യയിലെ പ്രധാന നദിയായ കാവേരിയിലേക്ക് വെള്ളമെത്തിക്കുന്ന കബനിനദിയുടെ മുഖ്യകൈവഴികൾ ഈ കാടുകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അത്യപൂർവ്വ ജൈവകലവറയായാണ് നീലഗിരി ജൈവമണ്ഡലം പരിഗണിക്കപ്പെടുന്നതെങ്കിലും ടൂറിസം ആടക്കമുള്ള അനവധി കയ്യേറ്റങ്ങളാൽ ഏറെ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ് ഇന്ന് ഈ പ്രദേശം.

1973ൽ ആണ് വയനാട് വന്യജീവി സങ്കേതം പ്രഖ്യാപിക്കപ്പെട്ടതെങ്കിലും 1985 മെയ് മാസത്തിലാണ് അത് യാഥാർത്ഥ്യമാകുന്നത്. 1950കൾ മുതൽ 1980വരെ മാവൂരിലെ റയോൺവ്യവസായശാലയ്ക്ക് വേണ്ടി ഏറ്റവും കൂടുതൽ മുളവെട്ടിയെടുത്തിരുന്നത് വയനാട്ടിലെ ഈ കാടുകളിൽ നിന്നാണ്. ഇതേ കാലത്തുതന്നെയാണ് വയനാട്ടിലെ റിസർവ് വനങ്ങൾ മിക്കതും വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസിന്റെയും തേക്കിന്റെയും ഏകവിളത്തോട്ടങ്ങളാക്കി മാറ്റിയതും. കോളണൈസേഷൻ സ്കീമിന്റെ ഭാഗമായി 1940കൾ മുതൽ വയനാട്ടിലേക്ക് കുടിയേറ്റങ്ങൾ വ്യാപകമാവുകയും ചെയ്തു. ഈ പറഞ്ഞതെല്ലാം കാടുകത്തിത്തുടങ്ങുന്നതിൽ പങ്കുള്ള ചരിത്രഘട്ടങ്ങളാണ്. പുനംകൃഷിക്ക് കൃഷിഭൂമിയൊരുക്കുന്നതിനായി ആദിവാസി സമൂഹങ്ങൾ കാടുകത്തിക്കാറുണ്ടായിരുന്നെങ്കിലും അവർ കൃഷി ചെയ്തിരുന്ന ഭൂവിസ്തൃതി വളരെ കുറവായിരുന്നതിനാൽ അത് കാടിന് വലിയ നാശമുണ്ടാക്കിയിട്ടില്ല. എന്നാൽ വനംവകുപ്പും സ്വകാര്യപ്ലാന്റർമാരും വികസിപ്പിച്ചെടുത്ത ഏകവിളത്തോട്ടങ്ങളുടെ കാര്യത്തിൽ അതായിരുന്നില്ല സ്ഥിതി. തോട്ടവത്കരണത്തിന്റെ ഭാഗമായി തൈകൾ വയ്ക്കുന്നതിനുള്ള കുഴിയെടുക്കുന്നതിന് മുമ്പ് വനംവകുപ്പ് ഉദ്യോഗസ്ഥർ ആ പ്രദേശത്തെ ശിഷ്ട ജൈവപദാർത്ഥങ്ങളെല്ലാം സ്ലാഷ് ആന്റ് ബേൺ എന്ന പേരിൽ കത്തിച്ച് ചാമ്പലാക്കിയിരുന്നു. അത്തരത്തിൽ വനംവകുപ്പ് തന്നെ കാടിന് തീയിടുന്ന ഒരു കാലമുണ്ടായിരുന്നു. ഇതെല്ലാം കൂടാതെയാണ് ഡാം അടക്കമുള്ള മറ്റ് വികസനാവശ്യങ്ങൾക്കായി വനം വ്യാപകമായി വെട്ടിമുറിക്കപ്പെട്ടത്. കാട്ടിലേക്കുള്ള സ്റ്റേറ്റിന്റെയും മനുഷ്യരുടെയും കടന്നകയറ്റം ഈവിധം കൂടിവന്നതോടെ വയനാടൻ കാടുകളിൽ കാട്ടുതീ ഒരു പതിവായിത്തീർന്നു. കാടുതെളിഞ്ഞതോടെ കിഴക്ക് നിന്നും വരണ്ടകാറ്റ് കേരളത്തിലേക്ക് കടന്നുവരുകയും ആർദ്രത നഷ്ടപ്പെട്ട നിത്യഹരിതവനങ്ങൾ ഇലപൊഴിയും കാ

ടുകൾ മാത്രമായിത്തീരുകയും ചെയ്തു. തോട്ടങ്ങളും കയ്യേറ്റവും മൂലമുണ്ടായ തുണ്ടുകളാക്കപ്പെടലും, മരങ്ങൾ വ്യാപകമായി മുറിക്കപ്പെട്ടതോടെ വൃക്ഷമേലാപ്പിലുണ്ടായ വിള്ളലും കാടിന്റെ ഈർപ്പം നഷ്ടപ്പെടുന്നതിന് കാരണമായിത്തീർന്നു. ഈ പ്രക്രിയ ഒരു വീണ്ടുവിചാരവുമില്ലാതെ തുടർന്നതോടെ വിത്തുകളെ മുളപ്പിക്കാനുള്ള ശേഷിയില്ലാത്ത വിധം മണ്ണ് ഊഷരമാക്കപ്പെട്ടു. പുനരുജ്ജീവനശക്തി ക്ഷയിച്ചുപോയ ഈ മണ്ണിന് മേൽ ഇനി കാടുണ്ടായിവരുമോ എന്നതുപോലും സംശയമാണ്.

കഴിഞ്ഞ ഫെബ്രുവരി 18ന് ബന്ദിപ്പൂരിലെ കൽക്കര വനമേഖലയിൽ പൊട്ടിപ്പുറപ്പെട്ട കാടുതീയാണ് വയനാട്ടിലേക്കും പടർന്നത്. ബന്ദിപ്പൂരിലെ കൽക്കര, ബേഗൂർ, മുളയൂർ, എടയാള, ഗുണ്ടറ റെയ്ഞ്ചുകളിലാണ് ശക്തമായ തീപിടുത്തമുണ്ടായത്. ഇതിൽ കൽക്കര വനമേഖല പൂർണ്ണമായും കത്തി നശിച്ചു. വയനാട് വന്യജീവിസങ്കേതത്തിലേക്ക് ഈ തീ പടരാതിരിക്കാൻ വൈൽഡ്‌ലൈഫ് വാർഡൻ പി. ധനേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ഒരാഴ്ചയോളം അക്ഷീണം പരിശ്രമിച്ചു. കനത്ത കാറ്റിൽ വയനാട്ടിലേക്ക് പാറിവീണ തീക്കനലുകൾ അണയ്ക്കാൻ അവർ ഏറെ പ്രയാസപ്പെട്ടു. അതിർത്തിയിൽ പത്ത് മീറ്ററോളം വീതിയിൽ ഫയർബെൽറ്റുകൾ നിർമ്മിച്ച് സുരക്ഷയൊരുക്കിയാണ് ഒടുവിൽ തീ തടഞ്ഞത്. എന്നാൽ ഒരുവശത്ത് സർവ്വസന്നാഹവും ഉപയോഗിച്ച് തീയണയ്ക്കാൻ വനം വകുപ്പ് ശ്രമിക്കുമ്പോൾ വയനാടിന്റെ മറ്റ് പല ഭാഗങ്ങളും തീയിൽ അമർന്നു. ചെമ്പ്രമലയിലും ചേരമ്പാടി അതിർത്തിയിലും വലിയ തോതിൽ തീയുയർന്നു. ചെമ്പ്ര മലയ്ക്ക് മുകളിലെ ഹൃദയസരസ്സ് എന്ന തടാകത്തിന് ചുറ്റുമുണ്ടായിരുന്ന പുൽപ്പരപ്പുകൾ കത്തിച്ചാരമായി. 500 ഏക്കറോളം പുൽമേട് ഇവിടെ കത്തിപ്പോയതായാണ് കണക്കാക്കുന്നത്. ജനുവരി-ഫെബ്രുവരി മാസങ്ങളിലായി 89 സ്ഥലങ്ങളിൽ കാടിന് തീപിടിച്ചതായാണ് കൽപ്പറ്റ, സുൽത്താൻ ബത്തേരി, മാനന്തവാടി ഫയർഫോഴ്സ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന കണക്കുകൾ പറയുന്നത്.

വനസമ്പത്തിനുണ്ടായ നാശം വയനാടിന്റെ കാലാവസ്ഥയിലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഫെബ്രുവരി മാസത്തിൽ ഉയർന്ന ചൂടാണ് വയനാട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു. രാത്രിയിലെ ചൂടിന്റെ ഇരട്ടിയാണ് പകൽ ഇപ്പോൾ അനുഭവപ്പെടുന്നത്. ഡക്കാൺ പീഠഭൂമിയിലാണ് ഇത്തരത്തിലുള്ള സവിശേഷ കാലാവസ്ഥ കാണാറുള്ളത്. പീഠഭൂമി പ്രദേശത്തെ കാലാവസ്ഥ പശ്ചിമഘട്ടത്തിന്റെ ഭാഗമായ വയനാട്ടിലേക്കും കടന്നുകയറിയിരിക്കുന്നു എന്നതിന് തെളിവാണ് ഈ കാലാവസ്ഥാ വ്യതിയാനമെന്ന് അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ പറയുന്നു.

കടുത്ത വരൾച്ചയോടൊപ്പം കാട്ടുതീ കൂടി വന്നതോടെ കർണ്ണാടകയിലെ വനമേഖലയിലുണ്ടായിരുന്ന വന്യമൃഗങ്ങൾ വെള്ളവും ഭക്ഷണവും തേടി വയനാടൻ കാടുകളിലേക്ക് പാലായനം ചെയ്യാൻ തുടങ്ങി. ഇതോടെ ജനവാസകേന്ദ്രങ്ങൾ  ഏറെയുള്ള വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുകയും ചെയ്തു. കുറിച്യാട് റേഞ്ചിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ കാട്ടുതീയുണ്ടായ ശേഷം ആനയുടെ സാന്നിദ്ധ്യം കൂടുതൽ അനുഭവപ്പെടാൻ തുടങ്ങിയതായി നാട്ടുകാർ തന്നെ പറയുന്നു. ഇതിനിടയിൽ മാനന്തവാടി നഗരസഭയ്ക്കുള്ളിലുള്ള പയ്യമ്പള്ളിയിൽ ശശി (56) എന്നയാൾ കാട്ടാനയുടെ ആക്രമണത്താൽ കൊല്ലപ്പെടുകയും ചെയ്തു. വനംവകുപ്പിനെതിരെയുള്ള ജനങ്ങളുടെ പ്രതിഷേധം ശക്തമാകുന്നതിന് ഈ മരണം കാരണമായിത്തീർന്നു. എവിടെയാണ് പരിഹാരം തിരയേണ്ടത് എന്നറിയാതെ നട്ടം തിരിയുകയാണ് വനംവകുപ്പ്. ശരിക്കും എവിടെ നിന്നാണ് തുടങ്ങേണ്ടത്?

ആകെ 2000 ഫോറസ്റ്റ് ഗാർഡുകൾ മാത്രമുള്ള കേരള വനംവകുപ്പിന് ഇത്തരത്തിലുള്ള കാട്ടുതീ തടയാൻ ഭൗതികമായി പ്രയാസമായിരിക്കും എന്നതാണ് സത്യം. യന്ത്രോപകരണങ്ങളുടെ സൗകര്യം വർദ്ധിപ്പിച്ചാലും പശ്ചിമഘട്ടം പോലെയുള്ള ഒരു ഭൂപ്രദേശത്ത് അതിനും പരിമിതികളുണ്ട്. കാട്ടുതീ മനുഷ്യനിർമ്മിതമാണ് എന്ന വസ്തുത അംഗീകരിച്ചുകൊണ്ടുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ തന്നെയാണ് ഇപ്പോഴും ഫലപ്രദമായ മാർഗ്ഗം. മാറുന്ന സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് ബോധവത്കരണ പരിപാടിയുടെ ഭാഷയും രീതിയും മാറേണ്ടതുണ്ട്. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന രൂക്ഷമായ വരൾച്ചയും ശുദ്ധജലക്ഷാമവും പരിഹരിക്കുന്നതിനുള്ള ആത്യന്തിക മാർഗ്ഗം കാടുകളുടെ വീണ്ടെടുക്കൽ മാത്രമാണെന്ന സത്യം ജനമനസ്സുകളിൽ ഉറപ്പിക്കാൻ കഴിയുന്നതിലൂടെ മാത്രമേ ഈ പ്രതിസന്ധിയെ മറികടക്കാൻ കഴിയൂ. ■